ഇന്തോ-പസഫിക് ലോജിസ്റ്റിക്സ് ശൃംഖല ശക്തിപ്പെടുത്തുന്നതിനായി ടോക്കിയോയിൽ ക്വാഡ് സംഘടിപ്പിച്ച 'ടേബിൾടോപ്പ്' എക്സർസൈസ് സമാപിച്ചു

ഈ മേഖലയിലുടനീളം സിവിലിയൻ പ്രതികരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'ക്വാഡ് ഇൻഡോ-പസഫിക് ലോജിസ്റ്റിക്സ് നെറ്റ്വർക്ക്' (IPLN) വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, ക്വാഡ് പങ്കാളികളായ (ഓസ്ട്രേലിയ, ഇന്ത്യ, ജപ്പാൻ, അമേരിക്ക) എന്നിവർ 2026 സെപ്റ്റംബർ 3, 4 തീയതികളിൽ ജപ്പാനിലെ ടോക്കിയോയിൽ ഒരു 'ടേബിൾടോപ്പ് എക്സർസൈസ്' (TTX) നടത്തി. 2026 മെയ് മാസത്തിൽ നടന്ന ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിലെ തീരുമാനപ്രകാരം, ജപ്പാൻ പ്രതിരോധ മന്ത്രാലയം TTX സംഘടിപ്പിച്ചു.

2. 2025 ഏപ്രിലിൽ ഹവായിയിൽ നടന്ന പ്രഥമ IPLN TTX ന്റെയും, 2025 ഡിസംബറിൽ ഗ്വാമിൽ നടന്ന ഫീൽഡ് ട്രെയിനിംഗ് എക്സർസൈസിന്റെയും (FTX) അടിസ്ഥാനത്തിൽ സംഘടിപ്പിച്ച ഈ TTX, പ്രകൃതിദുരന്തങ്ങളെ നേരിടുന്ന സാഹചര്യങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇതിലൂടെ, പരസ്പര സഹകരണശേഷി ശക്തിപ്പെടുത്തുന്നതിനും ഏകോപനം കാര്യക്ഷമമാക്കുന്നതിനും ഒപ്പം, ഓരോ പങ്കാളിയുടെയും ലോജിസ്റ്റിക്സ് ശേഷി എങ്ങനെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താമെന്ന് ക്വാഡ് പങ്കാളികൾ പരിശോധിച്ചു. IPLN-ന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥാപനപരമായ ചട്ടക്കൂട് ഒരുക്കുന്ന IPLN സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറുകൾ (SOP) വികസിപ്പിക്കുന്നതിൽ, TTX-ലൂടെ ക്വാഡ് പങ്കാളികൾ കാര്യമായ പുരോഗതി കൈവരിച്ചു.

3. സമീപകാലത്തെ വിനാശകരമായ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്ന എല്ലാവരോടും ക്വാഡ് പങ്കാളികൾ തങ്ങളുടെ അഗാധമായ അനുശോചനം രേഖപ്പെടുത്തുകയും ആവശ്യമുള്ള സമയങ്ങളിൽ പ്രാദേശിക പങ്കാളികളെ പിന്തുണയ്ക്കുന്നതിനുള്ള അവരുടെ പങ്കിട്ട പ്രതിബദ്ധത അടിവരയിടുകയും ചെയ്തു. പ്രതിസന്ധിഘട്ടങ്ങളിലും അടിയന്തര സാഹചര്യങ്ങളിലും മാനുഷിക-ദുരിതാശ്വാസ പ്രവർത്തനങ്ങൾ എങ്ങനെ മികച്ച രീതിയിൽ ഏകോപിപ്പിക്കാം എന്നതിനെക്കുറിച്ചും അവർ ചർച്ച ചെയ്തു.

4. ഇൻഡോ-പസഫിക് മേഖലകളിൽ വലിയ തോതിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിൽ സിവിലിയൻ പ്രതികരണത്തെ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും പിന്തുണയ്ക്കുന്നതിന് പൊതുവായി പങ്കിടുന്ന ലോജിസ്റ്റിക്സ് ശേഷികൾ പ്രയോജനപ്പെടുത്താൻ കപാഡ് പങ്കാളികളെ പ്രാപ്തരാക്കുന്ന ഒരു സംരംഭമാണ് IPLN, ജീവൻ രക്ഷിക്കുന്നതിനും റിക്കവറി ശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക പങ്കാളികൾക്ക് പിന്തുണ നൽകുന്നതിനും ഇത് സഹായിക്കുന്നു. പ്രാദേശിക വെല്ലുവിളികളെ നേരിടുന്നതിനും സ്വതന്ത്രവും തുറന്നതുമായ ഇന്തോ-പസഫിക് മേഖല ഉറപ്പാക്കുന്നതിനുമായി പ്രായോഗിക സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള കപാഡിന്റെ അചഞ്ചലമായ പ്രതിബദ്ധത ഈ TTX വീണ്ടും ഉറപ്പിച്ചു. ടേബിൾടോപ്പ്, ഫീൽഡ് പരിശീലന പ്രവർത്തനങ്ങൾ, വിശ്വാസം വളർത്തുന്നതിനുള്ള നടപടികൾ, വിഷയ വിദഗ്ധരുടെ കൈമാറ്റം എന്നിവയിലൂടെ IPLN പ്രവർത്തനക്ഷമമാക്കാനുള്ള ശ്രമങ്ങൾ കപാഡ് പങ്കാളികൾ തുടരും.

ന്യൂഡൽഹി

സെപ്റ്റംബർ 13, 2026